# വിഷങ്ങൾ പ്രചരിപ്പിക്കാൻ 'സമാധാന' കേന്ദ്രങ്ങൾ

അഡ്വ. ആർ. സജു

കർഷകസമരങ്ങളുടെയും കാർഷിക വിപ്ലവങ്ങളുടെയും കാലം കഴിഞ്ഞു. ഇനിയെല്ലാം സമാധാനപരമാണ്. കീടനാശിനികളിലൂടെ കർഷകരെയും ഒരു ജനതയേയും സാവധാനം, തികച്ചും സമാധാനപരമായി രോഗികളാക്കാനും കൊന്നൊടുക്കാനുമായി ഇന്ത്യയൊട്ടുക്ക് സമാധാനകേന്ദ്രങ്ങൽ വരുന്നു.

### മോൺസാന്റോയും റാലീസും കൈകോർക്കുന്നു

അന്തകൻ വിത്തിലൂടെ കുപ്രസിദ്ധി നേടിയ മോൺസാന്റോ എന്ന ബഹുരാഷ്ട്രകമ്പനിയും ഇന്ത്യയിലെ വമ്പൻ കമ്പനിയായ റാലിസുമാണ് കീടനാശിനി പ്രചാരണത്തിനായി ഒത്തൊരുമിച്ച് സമാധാനകേന്ദ്രങ്ങൾ തുറക്കുന്നത്. ഏതു കീടനാശിനിയും നിയന്ത്രണങ്ങൾ കൂടാതെ വിറ്റഴിക്കാൻ കഴിയുന്ന രാജ്യമാണ് ഇന്ത്യ. കീടനാശിനി വിപണിയുടെ അനന്തസാധ്യതകൾ മുതലെടുക്കാൻ ഉത്പാദകർക്ക് ഇനിയും കഴിഞ്ഞിട്ടില്ല.

### കീടനാശിനി വിപണിയിലെ പ്രതികൂല സാഹചര്യങ്ങൾ

പത്രമാസികയിലൂടെയും റേഡിയോ ടിവി പരസ്യങ്ങളിലൂടെയുമൊക്കെയാണ് കീടനാശിനി പ്രചാരത്തിന് ഇതുവരെ ശ്രമിച്ചുകൊണ്ടിരുന്നത്. എന്നാൽ ഭൂരിപക്ഷം കർഷകരും പത്രമാസികകൾ വായിക്കുന്നവരല്ല. സാക്ഷരരും വിദ്യാസമ്പന്നരുമായ കർഷകരാവട്ടെ ജൈവകൃഷിയെക്കുറിച്ചും കീടനാശിനികളുടെ അപകടങ്ങളെക്കുറിച്ചും ധാരണയുള്ളവരാണ്. ശക്തിയാർജിച്ചുവരുന്ന പരിസ്ഥിതി-ജൈവകൃഷി പ്രസ്ഥാനങ്ങളുടെ കീടനാശിനി വിരുദ്ധ - ബദൽ മാർഗ - പ്രചാരണങ്ങൾ കീടനാശിനി വിപണിയിൽ വിലങ്ങുതടിയാവുന്നുണ്ട്. കമ്പനികൾ, കാർഷിക ശാസ്ത്രജ്ഞർക്ക് പാരിതോഷികങ്ങൾ നൽകി കീടനാശിനികളുടെ വക്താക്കളാക്കി മാറ്റാൻ നടത്തിയ ശ്രമങ്ങളും പരാജയപ്പെടുകയാണുണ്ടായത്.

### പീസ് - വർഷങ്ങൾ നീണ്ടുനിന്ന ഗവേഷണത്തിന്റെ ഫലം

കീടനാശിനി വിപണിയിലെ മേൽപറഞ്ഞ പ്രതികൂല സാഹചര്യങ്ങൾ നേരിടുന്നതിനുവേണ്ടി വർഷങ്ങൾ നീണ്ടുനിന്ന ഗവേഷണ (മാർക്കറ്റിങ്ങ് റിസർച്ച്)ങ്ങളിലൂടെ ഉരുത്തിരിഞ്ഞ ആശയമാണ് 'സമാധാനകേന്ദ്രങ്ങൾ' അഥവാ PEACE. ഇംഗ്ലീഷിൽ സമാധാനം എന്നർത്ഥം വരുന്ന പീസ് എന്ന വാക്ക് ഒരു ചുരുക്കെഴുത്താണ്. Pesticide Efficacy Advisory Centre എന്നാണിതിന്റെ പൂർണരൂപം. Efficacy എന്നാൽ ഉദ്ദിഷ്ടഫലം പ്രദാനം ചെയ്യുക എന്നതാണ്. കീടനാശിനികളുടെ ഉദ്ദേശിച്ച ഫലം ലഭ്യമാക്കുന്നതിനുള്ള ഉപദേശ കേന്ദ്രം എന്നാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്.

### സമാന്തര കൃഷിഭവനുകൾ

കർഷകർക്കുള്ള സാമ്പത്തിക - സാങ്കേതിക സഹായം, കാർഷിക വിളകളുടെ ഇൻഷ്വറൻസ്, വിപണിയെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ 'പീസ്'-ലൂടെ നൽകി കൂടുതൽ കർഷകരെ അവിടേക്ക് ആകർഷിക്കാനാണ് പരിപാടി. സർക്കാരിന്റെ കൃഷിഭവനുകളുടെ സമാന്തരമായി. ഈ സമാധാനകേന്ദ്രങ്ങൾ പ്രവർത്തിച്ചുതുടങ്ങും.

റാലിസ് കമ്പനിക്ക് ഇന്ത്യ മുഴുവൻ നല്ലൊരു വിപണനശൃംഖല ഉണ്ട്. മൊൺസാന്റോ കമ്പനി റാലീയുമായി കൂട്ടുകൂടുന്നത് ഈ വിപണനശൃംഖല ചൂഷണം ചെയ്യുന്നതിനുവേണ്ടിയാണ്.

### ലക്ഷ്യം രണ്ടര ഇരട്ടി ടേണോവർ

കീടനാശിനി വിൽപ്പനയിൽ കമ്പനിക്ക് ഇപ്പോഴുള്ള 600 കോടിയുടെ ടേൺ ഓവർ വരുന്ന വർഷം 'സമാധാനകേന്ദ്ര'ങ്ങളിലൂടെ 1500 കോടി രൂപയായി വർധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ചിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രങ്ങളുടെ മാതൃകയിൽ ടാറ്റാ കമ്പനി രൂപീകരിച്ചിട്ടുള്ള ടാറ്റാ കൃഷികേന്ദ്രങ്ങൾ കീടനാശിനി പ്രചാരണത്തിനുള്ള ഈ 'സമാധാനയജ്ഞ'ത്തിൽ പങ്കാളികളാവും.

കുത്തക കമ്പനികളുടെ വിറ്റുവരവ് വർധിപ്പിക്കുന്നതിനുവേണ്ടി മാത്രം മെനഞ്ഞെടുത്തിട്ടുള്ള ഈ ഗൂഢതന്ത്രത്തിനെതിരേ നമ്മൾ ജാഗരൂകരായിരിക്കേണ്ടിയിരിക്കുന്നു.